11/1/23

**സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,**
**തിരുവനന്തപുരം 695 001**

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

ഹർജി നമ്പർ **CP. 680*(2)/2019*/*എസ്.ഐ.സി***
തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടി ക്രമം
(ഫയൽ നമ്പർ **12025**/*എസ്.ഐ.സി-ജി 6/19*)
സന്നിഹിതൻ
**ഡോ.കെ.എൽ.വിവേകാനന്ദൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ**

**ശ്രീ. സി.രാജൻ,**
**ചിത്രവല്ലരി, മുക്കൂട് പി.ഒ.,**
**കൊല്ലം ജില്ല,**
**പിൻ - 691 503.** } **പരാതി ഹർജിക്കാരൻ**

**Vs**

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ&**
**വില്ലേജ് ഓഫീസർ,**
**മുളവന വില്ലേജ്,**
**കൊല്ലം.** } **എതിർകക്ഷി**

## ഉത്തരവ്

സംസ്ഥാന വിവരാവകാശ കമ്മീഷൻ മുമ്പാകെ വിവരാവകാശ നിയമം 18(1) വകുപ്പു പ്രകാരം പരാതി ഹർജിക്കാരനായ ശ്രീ. രാജൻ സി., 16.07.2019ന് സമർപ്പിച്ച പരാതി ഹർജി അന്നേദിവസം തന്നെ കമ്മീഷൻ ഓഫീസിൽ ലഭിക്കുകയും ആയത് CP.No.680(2)/19/SIC ആയി ഫയലിൽ സ്വീകരിക്കുകയും ചെയ്തു.

2. പരാതി ഹർജിക്കാരൻ കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചത്, ടിയാൻ സമർപ്പിച്ച വിവരാവകാശ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ. മറുപടി ലഭ്യമാക്കിയില്ലെന്നാണ്.

3. ഹർജിക്കാരൻ 30.05.2019ന് എതിർകക്ഷി ഓഫീസിൽ സമർപ്പിച്ച അപേക്ഷ യിൽ ആവശ്യപ്പെട്ടിരുന്നത്,

1) അപേക്ഷകൻ തണ്ടപ്പേര് നമ്പർ 3811 ബ്ലോക്ക് നമ്പർ 9ൽ സർവ്വെ 366/24 വിസ്തീർണ്ണം 04/90 വസ്തു പട്ടികജാതി, പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ലിമിറ്റഡ്, കൊല്ലം ജില്ലാ കാര്യാലയത്തിൽ പണയം വച്ച് ലോൺ എടുക്കുന്നതിലേയ്ക്കായി ടി കാര്യാലയത്തിൽ അപേക്ഷ സമർപ്പിച്ചിട്ടുണ്ടോയെന്നും

1(എ) ചോദ്യം ഒന്നു പ്രകാരം അപേക്ഷ സമർപ്പിച്ചിട്ടുണ്ടെങ്കിൽ ടി കാര്യാലയത്തിൽ കൈപ്പറ്റിയ തീയതി ഏതാണെന്നും

1(ബി) ചോദ്യം 1 പ്രകാരം അപേക്ഷ കൈപ്പറ്റിയിട്ടുള്ള പക്ഷം ആയതിന്റെ അടിസ്ഥാനത്തിൽ സർട്ടിഫിക്കറ്റ് നൽകിയ തീയതി ഏതാണെന്നും

ചോദ്യം 1 പ്രകാരം ടിയാന് സർട്ടിഫിക്കറ്റ് നൽകിയിട്ടുള്ള പക്ഷം അപേക്ഷകന്റെ കൈപ്പറ്റും ഒപ്പും വാങ്ങി സൂക്ഷിച്ചിട്ടുണ്ടോയെന്നുമായി ചില വിവരങ്ങളാണ്.

ആയതിന് 28.06.2019ന് നൽകിയ മറുപടിയിൽ പ്രസ്താവിച്ചിരിക്കുന്നത്,

1) അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്നും

1(എ) പ്രസ്തുത വിവരം ലഭ്യമല്ലെന്നും ഓഫീസ് സമയത്ത് ഹാജരായി രേഖകൾ പരിശോധിക്കാവുന്നതാണെന്നും

1(ബി) 3811-ാം നമ്പർ തണ്ടപ്പേര് പരിശോധിച്ചതിൽ 30.03.16ൽ സർട്ടിഫിക്കറ്റ് നൽകിയതായി കാണുന്നവെന്നും

1) പ്രസ്തുത അപേക്ഷ കണ്ടെത്താൻ കഴിയുന്നില്ലെന്നും ആഫീസ് സമയത്ത് വന്ന് രേഖകൾ പരിശോധിക്കാവുന്നതാണെന്നും

2) സർട്ടിഫിക്കറ്റ് പകർപ്പ് കണ്ടെത്താൻ കഴിയുന്നില്ലെന്നും ആഫീസ് സമയത്ത് ഹാജരായി രേഖകൾ പരിശോധിക്കാവുന്നതാണെന്നും

3) കൈപ്പറ്റു രസീതും ഒപ്പും വാങ്ങി സൂക്ഷിക്കുന്ന രജിസ്റ്റർ കണ്ടെത്താൻ കഴിയുന്നില്ലെന്നുമാണ്.

4. എതിർകക്ഷി 23.09.2019ന് കമ്മീഷനിൽ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, മുളവന വില്ലേജിലെ 3811-ാം നമ്പർ തണ്ടപ്പേരിൻ പ്രകാരം മുളവന ചേരിയിൽ മൂക്കൂടിൽ കോഖഞ്ചിവിള വീട്ടിൽ ചെല്ലപ്പൻ രാജന്റെ പേരിൽ ബ്ലോക്ക് നമ്പർ 9ൽ റീസർവ്വെ നമ്പർ 366/24ൽ 04.90 ആർസ് പുരയിടം ഉള്ളതാണെന്നും ടി തണ്ടപ്പേരിൽ പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനിൽ നിന്ന് ഭവന വായ്പ എടുക്കുന്നതിനായി സർട്ടിഫിക്കറ്റ് നൽകിയതായി രേഖപ്പെടുത്തിയിരിക്കുന്നുവെന്നുമാണ്. ഇതു ഒഴിവാക്കി കൊടുക്കണമെന്നാണ് ഹർജിക്കാരന്റെ ആവശ്യമെന്നാണ് കാണുന്നുവെന്നും എന്നാൽ പട്ടികജാതി വികസന കോർപ്പറേഷൻ ആഫീസിൽ നിന്നും ഒഴിവാക്കിക്കൊണ്ടുള്ള കത്തു വാങ്ങിച്ചു നൽകിയാൽ മാത്രമേ തണ്ടപ്പേരിൽ നിന്നും ഒഴിവാക്കാൻ സാധിക്കുകയുള്ളുവെന്ന് അപേക്ഷകനോട് പറഞ്ഞിട്ടുണ്ടെന്നുമാണ്. ഇതുമായി ബന്ധപ്പെട്ട ചോദ്യങ്ങളാണ് വിവരാവകാശ നിയമപ്രകാരം 30.05.2019ൽ ടിയാൻ ആവശ്യപ്പെട്ടിരിക്കുന്നതെന്നും, അപേക്ഷകന്റെ ചോദ്യങ്ങൾക്കുള്ള മറുപടി 28.06.2019-ാം തീയതി ആഫീസിൽ നിന്നും സാധാരണ തപാൽ വഴി അയച്ചുകൊടുത്തിട്ടുള്ളതാണെന്നും എന്നാൽ ടി മറുപടി ലഭിച്ചില്ല എന്നു കാണിച്ചുകൊണ്ട് അപ്പീൽ അധികാരിയായ കൊല്ലം തഹസിൽദാർക്ക് അപേക്ഷകൻ അപ്പീൽ നൽകുകയും ഒന്നും രണ്ടും എതിർകക്ഷികളേയും ഹർജിക്കാരനെയും നേരിൽ കേൾക്കുകയും ചെയ്തുവെന്നാണ്. അപ്പീൽ അധികാരിയുടെ 19.08.2019 ലെ ഉത്തരവു പ്രകാരം 28.06.2019ലെ മറുപടി പകർപ്പ് ടിയാനു നേരിട്ടു നൽകണമെന്നു ഉത്തരവുണ്ടായെന്നും ആയതു പ്രകാരം ഹർജിക്കാരന്റെ വീട്ടിൽ പോയി മറുപടി നൽകുകയുണ്ടായിയെന്നുമാണ്. എന്നാൽ ടി കാര്യം പറഞ്ഞുകൊണ്ട് അപ്പീൽ അധികാരിയായ തഹസിൽദാർക്ക് 03.09.2019-ാം തീയതി കത്തയയ്ക്കുകയും മറുപടിയുടെ പകർപ്പ് വീണ്ടും ടിയാന് തപാൽ മുഖാന്തിരം അയച്ചു കൊടുത്തിട്ടുണ്ടെന്നുമാണ്.

5. 12.12.2022 തീയതി കമ്മീഷൻ കൊല്ലം കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ വച്ചു നടത്തിയ ഹിയറിംഗിൽ പരാതി ഹർജിക്കാരൻ ഹാജരായില്ല. എതിർകക്ഷി ഹാജരായിരുന്നു.

6. പരാതി ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിലും എതിർകക്ഷിയെ കേട്ടതിലും, ഹർജിക്കാരന് മറുപടി നൽകിയിട്ടുണ്ടെന്ന് എതിർകക്ഷി കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു. എന്നാൽ ഹർജിക്കാരന്റെ അപേക്ഷയ്ക്ക് തെറ്റായ മറുപടിയാണ് നൽകിയതെന്നു കമ്മീഷൻ നിരീക്ഷിക്കുന്നു. ആകയാൽ പരാമർശിത കാലയളവിലെ എതിർകക്ഷി പ്രഥമദൃഷ്ട്യാ കുറ്റക്കാരനാണെന്നു

കമ്മീഷനു ബോധ്യമാകുന്നു. ടി എതിർകക്ഷിയ്ക്കെതിരെ വിവരാവകാശ നിയമം 20(1) വകുപ്പു പ്രകാരമുള്ള ശിക്ഷാ നടപടി സ്വീകരിക്കുവാൻ കമ്മീഷൻ താല്ക്കാലികമായി തീരുമാനിക്കുന്നു. ഈക്കാര്യത്തിൽ ടി എതിർകക്ഷിക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ ഉത്തരവ് കിട്ടി 15 ദിവസത്തിനകം ബോധിപ്പിക്കേണ്ടതാണ്. ടി എതിർകക്ഷി നിശ്ചിത സമയത്തിനകം യാതൊരു വിശദീകരണവും നൽകിയില്ലെങ്കിൽ ടിയാന് കമ്മീഷൻ മുമ്പാകെ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ ടിയാനെതിരെ ടി വകുപ്പു പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതായിരിക്കും.

എന്നാൽ രേഖകൾ പരിശോധിച്ച് ടിയാന് വിവരങ്ങൾ നൽകാമെന്ന് എസ്.പി.ഐ.ഒ. കമ്മീഷൻ മുമ്പാകെ ബോധിപ്പിച്ചു.

7. മേൽ നിർദ്ദേശപ്രകാരം ഈ പരാതി ഹർജി ഇന്നേദിവസം 2022 ഡിസംബർ 26–ാം തീയതി കമ്മീഷൻ താല്ക്കാലികമായി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ഡോ.കെ.എൽ.വിവേകാനന്ദൻ
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി